**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1, 3.4 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ യഥാക്രമം 1,00,000/-രൂപ, 10,000/- രൂപ എന്നിവയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്**

**സ.ഉ(സാ.ധാ) നം. 3045/2016/തസ്വ.ഭ.വ തിരുവനന്തപുരം, തീയതി 08/11/2016**

---

പരാമർശം : 1. ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10/09/14 തീയതിയിലെ എ 2- 5919/14 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 18/03/15 തീയതിയിലെ എം3/7749/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 31/08/2016 തീയതിയിലെ കെ എസ് എ 6483/പി.റ്റി 3/15 നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം ജില്ലാ ആസൂത്രണ സമിതിയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ മുൻകൂറായി നൽകിയത് തടസ്സപ്പെടുത്തുകയുണ്ടായി. ജി.ഒ (എം.എസ്) നം. 212/06/തസ്വഭവ തീയതി 13/09/2006 ഉത്തരവ് പ്രകാരം ഡി.പി.സി കെട്ടിട നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല എന്നതിനാലാണ് ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്. കൂടാതെ 2010-11-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം 'പട്ടിക ജാതി വനിതാ വിവാഹധനസഹായം നൽകൽ' പദ്ധതിയിൽ സമയപരിധി കഴിഞ്ഞ് സമർപ്പിക്കപ്പെട്ട ഒരു അപേക്ഷയിൽ 20,000/-രൂപ അനുവദിച്ചതിൽ, അർഹമായതിലും അധികമായി അനുവദിച്ച 10,000/- രൂപ ഓഡിറ്റ് നിരാകരിക്കുകയും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കാനും ബാക്കിയുള്ള 10,000/-രൂപ തടസ്സപ്പെടുത്തുകയും ചെയ്തു.

2) ജനകീയാസൂത്രണ പദ്ധതികളുടെ അംഗീകാരത്തിനും നിർവ്വഹണത്തിനും ജില്ലാതലത്തിൽ ഏകോപനത്തിനുമായി പ്രവർത്തിച്ച ജില്ലാ ആസൂത്രണ സമിതി ഓഫീസ് വളരെ പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിച്ചു വരുന്നതിനാൽ സൗകര്യപ്രദമായ സ്വന്തം ഓഫീസ് കെട്ടിടം നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജിഒ (എം.എസ്) നം. 212/06/തസ്വഭവ തീയതി 13/09/2006 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി തയ്യാറാക്കി 1 ലക്ഷം രൂപ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് അനുവദിച്ചതെന്നും ചെറുകുന്ന് ഗ്രാമപഞ്ചായത്ത് കാര്യമായ തനത് വരുമാനമില്ലാത്ത 13 വാർഡുകൾ മാത്രമുള്ള ഒരു ചെറിയ പഞ്ചായത്ത് ആയതിനാലാണ് വികസന ഫണ്ട് വകയിരുത്തേണ്ടി വന്നതെന്നും ആയതിനാൽ ജില്ലാ ആസൂത്രണ സമിതിയ്ക്ക് കെട്ടിടം നിർമ്മിയ്ക്കാൻ വികസന ഫണ്ടിൽ നിന്നും ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് അനുവദിച്ച 1 ലക്ഷം രൂപ നൽകിയ നടപടിയ്ക്ക് സാധൂകരണം ലഭ്യമാക്കണമെന്നും പരാമർശം 1 കത്ത് പ്രകാരം ചെറുകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.കൂടാതെ 'പട്ടിക ജാതി വനിതാ വിവാഹ ധനസഹായ' പദ്ധതിയ്ക്ക് സമയ പരിധി കഴിഞ്ഞ് അപേക്ഷ സമർപ്പിച്ച ശ്രീമതി.ലളിതയ്ക്ക് ഇതു സംബന്ധിച്ച് അറിവില്ലാത്തതിനാലാണ് അപേക്ഷ നൽകാൻ താമസിച്ചതെന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടതിനാലും അപേക്ഷക വളരെയധികം സാമ്പത്തിക പരാധീനതയുള്ള വ്യക്തി ആയതിനാലും പട്ടികജാതിക്കാർക്കുള്ള പദ്ധതി വിഹിതം പരമാവധി

ചെലവഴിക്കുക എന്ന ഉദ്ദേശത്തിലുമാണ് തുക അനുവദിച്ചതെന്നും കടുത്ത സാമ്പത്തിക പരാധീനതയിലുള്ള ഇവരിൽ നിന്നും തുക തിരികെ ഈടാക്കാൻ യാതൊരു സാദ്ധ്യതയും ഇല്ലാത്തതിനാൽ സമയപരിധി കഴിഞ്ഞ് സമർപ്പിച്ച അപേക്ഷയ്ക്ക് അനുവദിച്ച 10,000/-രൂപയുടെ ചെലവിന് സാധൂകരണം നൽകണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിഅപേക്ഷിച്ചിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.13/09/2016-ലെ സ.ഉ (എം.എസ്)നം. 212/06/തസ്വഭവ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണ സമിതി ഓഫീസ് കെട്ടിട നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല എന്നതിനാലാണ് പ്രസ്തുത ചെലവ് തടസ്സപ്പെടുത്തിയതെന്നും തനത് വരുമാനം ഇല്ലാത്ത പഞ്ചായത്തായതിനാലാണ് ഡി.പി.സി കെട്ടിട നിർമ്മാണത്തിന് വികസന ഫണ്ട് വകയിരുത്തിയതെന്നുമുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവ പരിഗണിച്ച് സർക്കാരിന് ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും 'പട്ടിക ജാതി വനിതാ വിവാഹധനസഹായം നൽകൽ' പദ്ധതിയിൽ സമയപരിധി കഴിഞ്ഞ് ലഭിച്ച അപേക്ഷയ്ക്ക് അനുവദിച്ച 20,000/-രൂപയിൽ അധികമായി അനുവദിച്ചതും ഓഡിറ്റ് നിരാകരിച്ചതുമായ 10,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്നും അപേക്ഷക വളരെയധികം സാമ്പത്തിക പരാധീനതയുള്ളതും ധനസഹായത്തിന് തീർത്തും അർഹയാണെന്നുമുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം,ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ തടസ്സപ്പെടുത്തിയ തുകയുടെ കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അറിയിട്ടിട്ടുണ്ട്.

3) പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവ പരിഗണിച്ചും ചെറുകുന്ന് ഗ്രാമപഞ്ചായത്ത് തനത് വരുമാനം തീരെ കുറവായ പഞ്ചായത്ത് ആണെന്ന വസ്തുത കണക്കിലെടുത്തും 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ, ഡിപിസി കെട്ടിട നിർമ്മാണത്തിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 1 ലക്ഷം രൂപയുടെ ചെലവിനും 'പട്ടിക ജാതി വനിതാ വിവാഹ ധനസഹായ' പദ്ധതിയ്ക്ക് സമയ പരിധി കഴിഞ്ഞ് അപേക്ഷ സമർപ്പിച്ച അപേക്ഷക വളരെയധികം സാമ്പത്തിക പരാധീനത അനുഭവിക്കുന്നയാളാണെന്നതും പട്ടികജാതിക്കാർക്കുള്ള പദ്ധതി വിഹിതം പരമാവധി വിനിയോഗിക്കുക എന്ന പഞ്ചായത്തിന്റെ സദുദ്ദേശവും പരിഗണിച്ചും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിലും സമയപരിധി കഴിഞ്ഞ് ലഭിച്ച അപേക്ഷയ്ക്ക് വിവാഹധനസഹായമായി അനുവദിച്ചതും 2010-11-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയതുമായ 10,000/-രൂപയുടെ ചെലവിനും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു. എ.ടി
അണ്ടർ സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ,, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ